24708
21/11/17

File No.FWLD-B2/175/2017-FWLD

കേരള സർക്കാർ

സംഗ്രഹം

വനം വന്യജീവി വകുപ്പ് - കാസർഗോഡ് ജില്ലയിലെ അഗൽപ്പാടി ശ്രീദുർഗ്ഗാ പരമേശ്വരി ക്ഷേത്രത്തിന് കൊടിമര നിർമ്മാണത്തിനാവശ്യമായ തേക്കുമരം അനുവദിക്കുന്നതിന് പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

വനം വന്യജീവി (ബി) വകുപ്പ്

സ.ഉ.(സാധാ) നം./434/2017/വനം തീയതി,തിരുവനന്തപുരം, 16/11/2017

പരാമർശം:- 1) 13.06.2007-ലെ സ.ഉ(എം.എസ്) 38/07/വനം നമ്പർ സർക്കാർ ഉത്തരവ്
2) 03.10.2012-ലെ സ.ഉ(എം.എസ്) 104/12/വനം നമ്പർ സർക്കാർ ഉത്തരവ്
3) 17.01.2013-ലെ സ.ഉ(എം.എസ്) 06/13/വനം നമ്പർ സർക്കാർ ഉത്തരവ്
4) അഗൽപ്പാടി ശ്രീദുർഗ്ഗാ പരമേശ്വരി ക്ഷേത്രം, ചെയർമാൻ 10.07.2017-ൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്, നോർത്തേൺ സർക്കിൾ, കണ്ണൂർ-ന് നൽകിയ അപേക്ഷ.
5) പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (ഫോറസ്റ്റ്, ലാന്റ് & റിസോഴ്സസ്) -ന്റെ 18.10.2017-ലെ പ്രൊ(5)-44835/17 നമ്പർ കത്ത്.

ഉത്തരവ്

കാസർഗോഡ് ജില്ലയിലെ അഗൽപ്പാടി ശ്രീദുർഗ്ഗാ പരമേശ്വരി ക്ഷേത്രത്തിന് കൊടിമരം സ്ഥാപിക്കുന്നതിന് ഒരു തേക്കുമരം ആവശ്യപ്പെട്ടുകൊണ്ട് പരാമർശം (4) പ്രകാരം അപേക്ഷ സമർപ്പിക്കുകയുണ്ടായി. കാസർഗോഡ് റെയിഞ്ചിലെ ബന്തടക്ക സെക്ഷനിൽ അഡ്യൂർ റിസർവ്വിൽപ്പെട്ട 1964 തേക്ക് തോട്ടത്തിലെ 17 മീ. നീളവും 155 സെ.മീ നെഞ്ചുവണ്ണവുമുള്ള ഒരു തേക്ക് മരം അനുയോജ്യമാണെന്ന് കണ്ടെത്തിയിട്ടുള്ളതായും വർക്കിംഗ് പ്ലാൻ പ്രകാരം കാസർഗോഡ് റെയിഞ്ചിലെ 1957 തേക്ക് തോട്ടമാണ് റൊട്ടേഷൻ പൂർത്തിയാക്കി മുറിക്കാനുള്ളതെന്നാലും, 1957 തേക്ക് തോട്ടത്തിൽ കൊടിമരത്തിന് അനുയോജ്യമായ മരം കണ്ടെത്താൻ കഴിയാത്തതിനാലും, അഡ്യൂർ റിസർവ്വ് വനത്തിലെ 1964 തേക്ക് തോട്ടത്തിലെ തേക്ക് മരം തന്നെ അനുവദിക്കണമെന്ന് ക്ഷേത്ര ഭാരവാഹികൾ അപേക്ഷിച്ചിട്ടുള്ളതിനാലും ഇതൊരു പ്രത്യേക കേസായി പരിഗണിച്ച് അഡ്യൂർ റിസർവ്വിൽപ്പെട്ട 1964 തേക്ക് തോട്ടത്തിലെ മരം സർക്കാർ ഉത്തരവിലെ വ്യവസ്ഥകളിൽ പരാമർശിക്കുന്ന പ്രകാരം വിലയും സെന്റേജ് ചാർജ്ജും മറ്റ് നിയമാനുസൃത നികുതികളും ഈടാക്കിക്കൊണ്ട് കൊടിമര നിർമ്മാണാവശ്യത്തിലേക്കായി അഗൽപ്പാടി ശ്രീദുർഗ്ഗാ പരമേശ്വരി ക്ഷേത്രഭാരവാഹികൾക്ക് അനുവദിക്കാവുന്നതാണെന്ന് പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്(ഫോറസ്റ്റ്, ലാന്റ് & റിസോഴ്സസ്) പരാമർശം (5) പ്രകാരം ശുപാർശ ചെയ്തിട്ടുണ്ട്.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റിന്റെ ശുപാർശ പരിഗണിച്ച് പരാമർശം (1), (2), (3) എന്നീ സർക്കാർ ഉത്തരവുകളിലെ വ്യവസ്ഥകളിൽ പരാമർശിക്കുന്ന പ്രകാരം വിലയും സെന്റേജ് ചാർജ്ജും മറ്റ് നിയമാനുസൃത നികുതികളും ഈടാക്കിക്കൊണ്ട് കാസർഗോഡ് ജില്ലയിലെ അഗൽപ്പാടി ശ്രീ.ദുർഗ്ഗാ പരമേശ്വരി ക്ഷേത്രത്തിന് കൊടിമര നിർമ്മാണാവശ്യത്തിലേക്കായി ക്ഷേത്രഭാരവാഹികൾ കണ്ടെത്തിയ കാസർഗോഡ് റെയിഞ്ചിലെ 1964 തേക്ക്

തോട്ടത്തിലെ തേക്കുമരം ഒരു പ്രത്യേകകേസായി പരിഗണിച്ച് ശ്രീദുർഗ്ഗാ പരമേശ്വരി ക്ഷേത്രഭാരവാഹികൾക്ക് അനുവദിക്കുന്നതിന് പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (ഫോറസ്റ്റ്, ലാന്റ് ആന്റ് റിസോഴ്സസ്)-ന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**ഗിരിജ കുമാരി.ജി**

**ഡെപ്യൂട്ടി സെക്രട്ടറി**

ചെയർമാൻ, അഗൽപ്പാടി ശ്രീദുർഗ്ഗാ പരമേശ്വരി ക്ഷേത്രം, ഉബ്രൻഗള.പി.ഒ, കുംബഡജേ, കാസർഗോഡ്, പിൻ-671 551.

പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (ഫോറസ്റ്റ്, ലാന്റ് ആന്റ് റിസോഴ്സസ്), തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എ ആന്റ് ഇ) കേരള, തിരുവനന്തപുരം

വെബ് & ന്യൂ മീഡിയ (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)

സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

VBeena

സെക്ഷൻ ഓഫീസർ